ന്യായവിധികം

Y. Ezekiel

പല ന്യായവിധികളെക്കുറിച്ചു തിരുവെഴുത്തു പറയുന്നുണ്ടു്. അവയിൽ പ്രധാനമായവ നോക്കാം.

I. പദപ്രയോഗം

ഗ്രീക്കിൽ രണ്ടു പ്രയോഗങ്ങളാണു പ്രധാനമായി ഉപയോഗിക്കുന്നതു്. 1) കാറ്റക്രീമാ, Katakreema = ശിക്ഷാവിധി. 2) ക്രീമാ, Kreema = ന്യായവിധി.

ഇവയിൽ കാറ്റക്രീമാ നരകശിക്ഷയ്ക്കുള്ള വിധിയെ കാണിക്കുകയാണു്. അതിൽ ശിക്ഷയില്ലാതെ വരികയില്ല. ക്രീമാ എന്നതിൽ ന്യായമായ വിധി എന്ന ആശയമാണു മുഴച്ചുനിൽക്കുന്നതു്. അതു ശിക്ഷയ്ക്കുള്ള വിധിയുമാകാം; നീതീകരണവിധിയുമാകാം. നീതീകരണവിധി കുറക്കാരനല്ല എന്നു വിധിക്കുന്ന വിധിയാണു്.

റോമ. 8:1-ൽ കാറ്റക്രീമാ എന്ന വാക്കു വെച്ചിരിക്കുന്നു. യോഹ. 5:24-ൽ ക്രീമാ എന്ന പദം വെച്ചിട്ടുണ്ടു്. എങ്കിലും അവിടെ കാറ്റക്രീമായുടെ അർത്ഥമാണുള്ളതു്. വിശ്വാസികളുടെ ശിക്ഷ കാണിക്കുവാനായിട്ടും ക്രീമാ ഉപയോഗിച്ചിട്ടുണ്ടു്. യാക്കോ. 3:1 നോക്കുക.

"സഹോദരന്മാരേ, അധികം ശിക്ഷാവിധി വരും എന്നു് അറിഞ്ഞു നിങ്ങളിൽ അനേകർ ഉപദേഷ്ടാക്കന്മാർ ആകരുതു്".

ഈ വിധത്തിൽ വാക്കുകളുടെ പ്രയോഗത്തെക്കുറിച്ചു പൊതുവായ അറിവു് ഉണ്ടായിരിക്കണം.

II. പല ന്യായവിധികൾ

പല ന്യായവിധികളും നടന്നുകഴിഞ്ഞതായി തിരുവെഴുത്തിൽ നാം കാണുന്നു.

1) ലൂസിഫെറിന്റെ ന്യായവിധി

നാം അറിയുന്ന ആദ്യപാപം ലൂസിഫെറിന്റേതാണ്. അതു നിഗളമായിരുന്നു. 1 തിമൊ. 3:6. അവൻ ജ്ഞാനസമ്പൂർണ്ണനും സൗന്ദര്യസമ്പൂർണ്ണനും ആയിരുന്നു. അഗ്നിമയ രത്നങ്ങളുടെ മദ്ധ്യേ സഞ്ചരിച്ചിരുന്നു. അവനു വ്യാപാരവും—പ്രവർത്തനവും—ധാരാളം ഉണ്ടായിരുന്നു. ഇവനിമിത്തം അവന്റെ ഹൃദയം ഗർവ്വിച്ചു. അങ്ങനെ പാപം ചെയ്തു. യെഹെ. 28:13–18.

'അശ്ശൂദ്ധൽ എന്നു എണ്ണി ദേവപർവ്വതത്തിൽനിന്നു തള്ളിക്കളഞ്ഞു' (യെഹെ. 28:16) എന്നതിൽ ദൈവം അവനെ വിധിച്ച വിധി കാണുന്നു. ഇനി സർവ്വസൃഷ്ടിക്കും അതു ബോധ്യം വരണം. അതിനായി അവനെ വിട്ടിരിക്കുന്നു. ഒടുവിൽ പ്രത്യേക ന്യായവിധി ഒന്നും കൂടാതെ അവനെ നരകത്തിലേയ്ക്കു തള്ളിക്കളയും. വെളി. 20:10.

2. ദൂതന്മാരുടെ ന്യായവിധി

'പാപംചെയ്ത ദൂതന്മാർ' എന്നു 2 പത്രോ. 2:4–ൽ നാം കാണുന്നു. വലിയ ഒരു ഗണം ദൂതന്മാർ അതു ചെയ്തതായും കാണുന്നു. അവരുടെ പാപം എന്താണെന്നു തിരുവെഴുത്തിൽ വ്യക്തമാക്കിയിട്ടില്ല. സ്ത്രീസംഗമാണെന്ന അഭിപ്രായക്കാരുണ്ട്. അതു ശരിയല്ല. പാപത്തിന്റെ ഉത്ഭവകാരണം ലൂസിഫെർ ആകയാൽ അവന്റെ ചതിയിൽ ഇവരെയും കൂട്ടിക്കി എന്നു വിചാരിക്കുന്നതാണുയുക്തം. താൻ പാപം ചെയ്തശേഷം ദൂതന്മാരെ കൂട്ടിപ്പിടിച്ചു അവരും ദൈവത്തോടു മത്സരിക്കുന്ന അതേ പാപത്തിൽ വീഴിച്ചു.

"ഞാൻ സ്വർഗ്ഗത്തിൽ കയറും; എന്റെ സിംഹാസനം ദൈവത്തിന്റെ നക്ഷത്രങ്ങൾക്കുമീതെ വെക്കും; ഉത്തരദിക്കിന്റെ അറ്റത്തിയിൽ സമാഗമപർവ്വതത്തിന്മേൽ ഞാൻ ഇരുന്നരുളും; ഞാൻ മേഘോന്നതങ്ങൾക്കുമീതെ കയറും; ഞാൻ അത്യുന്നതനോട് സമനാകും"

എന്നു് അവൻ പറഞ്ഞതായി യെശ. 14:13, 14–ൽ കാണുന്നതു് ലൂസിഫെറിന്റെ അന്നത്തെ മത്സരചിന്തയായിരുന്നു. അതു പ്രായോഗികമാക്കുവാൻ ദൂതന്മാരോടും പ്രസംഗിച്ചുവശീകരിച്ചു എന്നും ഒരുകൂട്ടം ദൂതന്മാർ അതിനു വശപ്പെട്ടു എന്നും വിചാരിക്കുന്നതാണു യുക്തമായി കാണുന്നതു്. തന്നിമിത്തം അവരെയും അശുദ്ധരായി വിധിച്ചു തള്ളിയിരിക്കുകയാണു്.

പക്ഷേ, അവരെ സ്വതന്ത്രരായി വിട്ടിട്ടില്ല. അതുമുതൽ അവരെ പരമാന്ധകാരമായ ററാർട്ടറസ്സിൽ അടച്ചു ന്യായവിധിദിവസത്തിന്നായി സൂക്ഷിച്ചിരിക്കുകയാണു്. 2 പത്രോ. 2:4; യൂദാ. 6. അവർക്കു പ്രവർത്തനത്തിനുള്ള സ്വാതന്ത്ര്യം കൊടുത്തിട്ടില്ല.

3) പുരാതനലോകത്തിന്റെ ന്യായവിധി

പുരാതനലോകത്തെ ദൈവം ആദരിച്ചില്ലാ എന്നു 2 പത്രോ. 2:5–ൽ കാണുന്നു. നോഹയുടെ കാലത്തെ ദുഷ്ടജനതയെക്കുറിച്ചു പറയുകയാണു്. അവരെ ന്യായം വിധിച്ചു ജലപ്രളയത്തിൽ നശിപ്പിച്ചു. അങ്ങനെ അവരെ ന്യായംവിധിച്ചു. 2 പത്രോ. 2:5.

4) സൊദോം ഗൊമോറയുടെ ന്യായവിധി

പിന്നീടു കൂട്ടമായ ന്യായവിധി സൊദോം, ഗൊമോറാ, അദ്മ, സെബോയീം എന്നീ പട്ടണങ്ങൾക്കായിരുന്നു. അവയുടെ പാപത്തിന്റെ നിലവിളി സ്വർഗ്ഗത്തിൽ എത്തുകയും അവയുടെ വസ്തുത ദൈവം നേരിട്ടുകാണുകയും ആകാശത്തിൽനിന്നും തീയും ഗന്ധകവും വർഷിപ്പിച്ചു്

അവരെ അവർ പാർത്ത സ്ഥലങ്ങളോടുകൂടെ നശിപ്പിച്ചു താഴ്ത്തി ഇന്നു ചാവുകടലായിക്കിടക്കുകയാണ്. ഭക്തി കെട്ടു നടക്കുന്നവർക്കു ദൃഷ്ടാന്തമാക്കി വെച്ചിരിക്കുന്നു. 2 പത്രോ. 2:6; യൂദാ. 7.

5) 6 ലക്ഷം യിസ്രായേല്യരുടെ ന്യായവിധി

ദൈവേഷ്ടത്തിന്നു വിധേയപ്പെടാതെ മൽസരിച്ച യിസ്രായേല്യരെ ദൈവം ന്യായംവിധിച്ചു മരുഭൂമിയിൽ നശിപ്പിച്ചു. ദൈവം മുഖംനോക്കാതെയും എണ്ണംനോക്കാതെയും ന്യായവിധി നടത്തും എന്നുള്ള കാര്യം അതിൽ വെളിപ്പെടുത്തി.

6) ഏലാമിന്റെ ന്യായവിധി

ദൈവം ഏലാം സംസ്ഥാനത്തിൽ തന്റെ സിംഹാസനം വെച്ച് അതിനെ ന്യായംവിധിച്ച് അതിന്റെ ഭ്രഷ്ടന്മാരെ ലോകമെങ്ങും ചിതറിച്ചുകളയുമെന്നു യിരെ. 49: 34–39 വരെ പറഞ്ഞിരിക്കുന്നു. അങ്ങനെ, ആവശ്യാനുസരണം തന്റെ ന്യായാസനംവെച്ചു ന്യായംവിധിക്കും എന്നു കാണുന്നു.

7) പാപത്തിന്നുള്ള ശിക്ഷാവിധി

മനുഷ്യജാതിയുടെ പാപത്തെ ക്രിസ്തുവിന്റെ ജഡത്തിൽ ശിക്ഷിച്ചതായി റോമ. 8:3–ൽ പറഞ്ഞുകാണുന്നു. അങ്ങനെ വിവിധ ന്യായവിധികളും കാണാം.

III. ഏഴു ന്യായവിധികൾ

സാധാരണയായി ഏഴു ന്യായവിധികളെ എടുത്തുകാണിക്കാറുണ്ട്. അവ നോക്കാം.

1) പാപത്തിന്റെ ശിക്ഷ

റോമ. 8:3:—"ജഡത്താലുള്ള ബലഹീനതനിമിത്തം ന്യായപ്രമാണത്തിനു കഴിയാഞ്ഞതിനെ സാധിപ്പാൻ ദൈവം തന്റെ പുത്ര

നെ പാപജഡത്തിന്റെ സാദൃശ്യത്തിലും പാപംനിമിത്തവും അയച്ചു പാപത്തിന്നു ജഡത്തിൽ ശിക്ഷ വിധിച്ചു".

ക്രിസ്തു ക്രൂശിക്കപ്പെട്ടപ്പോൾ പിതാവാം ദൈവം മനുഷ്യജാതിയുടെ പാപംമുഴുവൻ അവന്റെമേൽ ചുമത്തുകയായിരുന്നു. യെശ. 53:6. ചുമത്തിയിട്ടു അവനെ ശിക്ഷിച്ചു. യെശ. 53:5. അങ്ങനെ ലോകത്തിന്റെ മുഴുവൻ പാപവും അവനിൽ ചുമത്തിയിട്ടു അവനെ ശിക്ഷിച്ചു. ആകയാൽ ലോകത്തിന്റെ ന്യായവിധിനടത്തൽ പ്രായശ്ചിത്ത മരണമായി അന്നു അപ്പോൾ ക്രിസ്തുവിന്റെ ശരീരത്തിൽ നടന്നു. ആകയാൽ "ഇപ്പോൾ ഈ ലോകത്തിന്റെ ന്യായവിധി ആകുന്നു" (യോഹ. 12:31) എന്നു കർത്താവു പറഞ്ഞു.

2) <u>വ്യക്തിതന്നെ ന്യായംവിധിക്കൽ</u>

രക്ഷിക്കപ്പെട്ട ദൈവൈപ്രതൽ അനുദിനവും തന്റെ ജീവിതത്തെ പരിശോധിച്ചു പാപം വന്നിട്ടുണ്ടെങ്കിൽ അതിനു അപ്പോഴപ്പോൾതന്നേ പരിഹാരം വരുത്തണം. അങ്ങനെ നാം നമ്മുടെ പാപത്തിനു ശിക്ഷ നടത്തണം. അങ്ങനെചെയ്താൽ വിശ്വാസിയുടെ ജീവിതത്തിൽ വിശുദ്ധീകരണംപ്രാപിച്ചു മുമ്പോട്ടുപോകുവാൻ സാധിക്കും. ദൈവം ഇടപെടേണ്ടതായി വരികയില്ല.

"നാം നമ്മെത്തന്നെ വിധിച്ചാൽ വിധിക്കപ്പെടുകയില്ല. വിധിക്കപ്പെടുന്നു എങ്കിലോ നാം ലോകത്തോടുകൂടെ ശിക്ഷാവിധിയിൽ അകപ്പെടാതിരിക്കേണ്ടതിന്നു കർത്താവു നമ്മെ ബാലശിക്ഷ കഴിക്കയാകുന്നു". 1കൊരി. 11:31,32.

വിശ്വാസി തന്നെത്താൻ കുറ്റംവിധിച്ചു ശുദ്ധീകരണം പ്രാപിച്ചില്ലെങ്കിൽ സഭ അക്കാര്യത്തിൽ ഇടപെടേണ്ടതായി വരും. ആ വിധത്തിലും ശുദ്ധീകരണം നടക്കുന്നില്ലെങ്കിൽ ദൈവം ബാലശിക്ഷ നടത്തും. അതിനു ബാലശിക്ഷ, Paideuoo, പൈഡ്യുവോ എന്ന പദം ഉപയോ

ഗിച്ചിരിക്കുന്നു. ബാലശിക്ഷയിൽ ശരീരമരണംവരെയും നടപടികൾ ഉണ്ടു്. അവ നൽകി നരകത്തിൽ വിടാത വണ്ണം ദൈവികനീതിപ്രകാരം ശുദ്ധീകരിച്ചെടുക്കേണ്ടിവരും.

3) വിശ്വാസിയുടെ ജീവിതത്തിനുള്ള ന്യായവിധി

2 കൊരി. 5:10; റോമ. 14:10–12 വരെയും ഈ ന്യായവിധിയെക്കുറിച്ചു വ്യക്തമായിപ്പറഞ്ഞിരിക്കുന്നു.

"അവനവൻ ശരീരത്തിൽ ഇരിക്കുമ്പോൾ ചെയ്തതു നല്ലതാകിലും തീയതാകിലും അതിന്നു തക്കവണ്ണം പ്രാപിക്കേണ്ടതിന്നു നാം എല്ലാവരും ക്രിസ്തുവിന്റെ ന്യായാസനത്തിന്നുമുമ്പാകെ വെളിപ്പെടേണ്ടതാകുന്നു".

"എന്നാൽ നീ സഹോദരനെ വിധിക്കുന്നതു് എന്തു്? അല്ല, നീ സഹോദരനെ ധിക്കരിക്കുന്നതു് എന്തു്? നാം എല്ലാവരും ദൈവത്തിന്റെ ന്യായാസനത്തിനു മുമ്പാകെ നിൽക്കേണ്ടിവരും.....നമ്മിൽ ഓരോരുത്തൻ ദൈവത്തോടു കണക്കു ബോധിപ്പിക്കേണ്ടിവരും".

അങ്ങനെ, വിശ്വാസിയുടെ ജീവിതം, ശുശ്രൂഷ ഇവയെല്ലാം കണക്കുകൊടുക്കപ്പെടേണ്ടതാണു്. അതു ക്രിസ്തുവിന്റെ ന്യായാസനത്തിൻമുമ്പാകെയാണു്.

4) ജാതികളുടെ ന്യായവിധി

മത്താ. 25:31–46 വരെയും യോവേ. 3:1–4, 11, 12 വേദഭാഗങ്ങളിൽപറയുന്നവിധം യിസ്രായേലിനുചുറ്റുമുള്ള ജാതികൾക്കു സഹസ്രാബ്ദാരംഭത്തിൽ ഒരു പ്രത്യേക ന്യായവിധിയുണ്ടു്.

5) യിസ്രായേലിന്റെ ന്യായവിധി

യെഹെ. 20:35–38 വരെ ഒരു പ്രത്യേക ന്യായവിധി പ്രസ്താവിക്കപ്പെട്ടിരിക്കുന്നു.

"ഞാൻ നിങ്ങളെ ജാതികളുടെ മരുഭൂമിയിൽ കൊണ്ടുചെന്നു് അവിടെവെച്ചു മുഖാമുഖമായി നിങ്ങളോടു വ്യവഹരിക്കും. മിസ്രയീ

യീംദേശത്തിന്റെ മരുഭൂമിയിൽ വെച്ചു നിങ്ങളുടെ പിതാക്കന്മാരോട് ഞാൻ വ്യവഹരിച്ചതുപോലെ നിങ്ങളോടും വ്യവഹരിക്കും എന്നു യഹോവയായ കർത്താവിന്റെ അരുളപ്പാട്. ഞാൻ നിങ്ങളെ കോലിൻകീഴെ കടത്തി നിയമത്തിന്റെ ബന്ധനത്തിൽ ഉൾപ്പെടുത്തും. എന്നോട് മൽസരിച്ച് അതിക്രമിക്കുന്നവരെ ഞാൻ നിങ്ങളുടെ ഇടയിൽനിന്നു നീക്കിക്കളയും; അവർ പരദേശം പാർക്കുന്ന രാജ്യത്തുനിന്നു ഞാൻ അവരെ പുറപ്പെടുവിക്കും; ഞാൻ യഹോവ എന്നു നിങ്ങൾ അറിയും''.

ഇതു് മഹാപീഡനകാലത്തു് അറബിയാപെട്രായിൽ യിസ്രായേലിലെ ഒരുഭാഗം ജനം സങ്കേതത്തിനായി ഒളിച്ചിരിക്കുമ്പോൾ നടക്കുന്നതാണെന്നു മനസ്സിലാക്കാം. മഹാപീഡനമദ്ധ്യത്തിൽ യിസ്രായേലായ സ്ത്രീ ഓടിപ്പോകുന്നതായി വെളി. 12:6, 13, 14 വാക്യങ്ങളിൽ കാണുന്ന ഓടിപ്പോക്കാണു്. അവരിൽ ദൈവഹിതം നിവർത്തിക്കുന്നവരെ മടക്കി ദേശത്തു കൊണ്ടുവരും. അവരുടെ ശുദ്ധീകരണത്തിനായുള്ള ന്യായവിധിയാണിതു്.

6) ദൂതന്മാരുടെ ന്യായവിധി

2 പത്രോ. 2:4; യൂദാ 6; 1 കൊരി. 6:3 ഇവയിൽ കാണുന്നവിധം പാപംചെയ്ത ദൂതന്മാരെ ന്യായംവിധിക്കുന്ന വിധിയാണിതു്. വെള്ളസിംഹാസനത്തിനുമുമ്പാകെ അവരെയും കൊണ്ടുവന്നു ന്യായംവിധിച്ചു നരകത്തിലേക്കു തള്ളും.

7) അന്ത്യന്യായവിധി

ഇതു് രക്ഷിക്കപ്പെടാത്ത എല്ലാവരെയും ന്യായംവിധിച്ചു രണ്ടാം മരണമാകുന്ന നരകത്തിലേയ്ക്കു തള്ളുന്നതാണു്. വെളി. 20:11–15; 21:8 നോക്കുക.

ഇങ്ങനെ ന്യായവിധികളെ ഏഴായിട്ടു ചിന്തിക്കുന്നവരുണ്ടു്.

IV. മൂന്നു ന്യായവിധികൾ

ഇനി മേലാൽ സംഭവിക്കേണ്ടതും അതിപ്രധാനവുമായ മൂന്നു ന്യായവിസ്താരങ്ങളെക്കുറിച്ചു തിരുവെഴുത്തുകൾ വ്യക്തമായിപ്പറയുന്നുണ്ട്; ക്രിസ്തുവിന്റെ ന്യായാസനം, തേജസ്സിന്റെ സിംഹാസനം, വെള്ളസിംഹാസനം ഇവയിലെ ന്യായവിധികൾ. ഇവ മൂന്നും ഒന്നാണെന്നു ധരിക്കുന്നവരും, പറയുന്നവരും എഴുതുന്നവരും ഉണ്ട്. എന്നാൽ ഇവ മൂന്നും വളരെ വ്യത്യസ്തമായ മൂന്നാണ്.

1) ക്രിസ്തുവിന്റെ ന്യായാസനം

2 കൊരി. 5:10; റോമ. 14:10–12 വരെയും ഇതു് എത്രയും വ്യക്തമായിപ്പറഞ്ഞുകാണുന്നു.

"അവനവൻ ശരീരത്തിൽ ഇരിക്കുമ്പോൾ ചെയ്തതു നല്ലതാകിലും തീയതാകിലും അതിനുതക്കവണ്ണം പ്രാപിക്കേണ്ടതിന്നു നാം എല്ലാവരും ക്രിസ്തുവിന്റെ ന്യായാസനത്തിന്നു മുമ്പാകെ വെളിപ്പെടേണ്ടതാകുന്നു".

"എന്നാൽ നീ സഹോദരനെ വിധിക്കുന്നതു് എന്തു്? അല്ല, നീ സഹോദരനെ ധിക്കരിക്കുന്നതു് എന്തു്? നാം എല്ലാവരും ദൈവത്തിന്റെ ന്യായാസനത്തിന്നു മുമ്പാകെ നിൽക്കേണ്ടിവരും..... ആകയാൽ നമ്മിൽ ഓരോരുത്തൻ ദൈവത്തോടു കണക്കു ബോധിപ്പിക്കേണ്ടിവരും".

ഇവിടങ്ങളിൽ കാണുന്ന പ്രധാന കാര്യങ്ങൾ:—

1) വിശ്വാസികളായ നാം എല്ലാവരും അവിടെനിന്നു കണക്കുപറയണം.

2) ഓരോരുത്തരുടെയും കണക്കുകൊടുക്കണം.

3) ശരീരത്തിൽ ഇരിക്കുമ്പോൾ ചെയ്ത പ്രവൃത്തികൾക്കായി; പക്ഷേ, രക്ഷിക്കപ്പെട്ടശേഷം.

4) നല്ലതിനും തീയതിനും കണക്കുകൊടുക്കണം.

5) നല്ലതിനുതക്ക പ്രതിഫലം ലഭിക്കും; തീയതിനും അങ്ങനെതന്നെ.

6) സഹോദരനെ വിധിച്ചതിനും ധിക്കരിച്ചതിനും കണക്കുപറയണം.

7) ഇതു ക്രിസ്തുവിന്റെ ന്യായാസനമാണു്. പക്ഷേ, അതിനെ ദൈവത്തിന്റെ ന്യായാസനം എന്നും പറഞ്ഞിട്ടുണ്ടു്. "ദൈവം നീതിയുള്ള ന്യായാധിപതി ആകയാൽ" (സങ്കീ. 7:11) ക്രിസ്തു ഇതിൽ നീതിയുള്ള ന്യായാധിപനായിരുന്ന നമ്മോടു കണക്കുചോദിക്കും എന്നു തെളിയുന്നു; അല്ലാതെ മണവാളനോ, നമ്മുടെ പിതാവോ ആയിട്ടല്ല എന്നു സാരം. ശരിയായ ന്യായവിചാരണ ആയിരിക്കും.

8) ഇതിനു Beema, ബേമാ എന്ന ഗ്രീക്കുവാക്കാണു് ഉപയോഗിച്ചിരിക്കുന്നതു്. അതിനു ന്യായാസനം എന്നാണർത്ഥം. സിംഹാസനം അല്ല. ഇവിടെ നരകവിധി ഇല്ലാ എന്നു കാണിക്കുവാൻ ഈ പ്രത്യേകപദം വെച്ചിരിക്കുന്നതായി മനസ്സിലാക്കാം. ശിഷ്യന്മാരേയും ഇതിൽ ഇരിക്കാമെങ്കിലും കളികളിലുംമറ്റും വിജയികളെ നിശ്ചയിക്കുവാനും സമ്മാനംകൊടുക്കുവാനുമാണു് ബേമാസീറ്റു സാധാരണയായി വസ്തുപ്പെട്ടിരുന്നതു്. 11 പ്രാവശ്യം ഈ പദം പുതിയനിയമത്തിൽ ഉപയോഗിച്ചിട്ടുണ്ടു്. 10 പ്രാവശ്യം ന്യായാസനം എന്നും ഒരു പ്രാവശ്യം സിംഹാസനം എന്നും ഇംഗ്ലീഷിൽ തർജ്ജമചെയ്തിട്ടുണ്ടു്. ക്രിസ്തുവിനെ വിസ്തരിച്ചതിനും പൗലോസിനെ വിസ്തരിച്ചതിനും പൗലോസു് അഭയംപൊല്ലിയ കൈസറിന്റെ ന്യായാസനത്തിനും എല്ലാം ഈ പദം ഉപയോഗിച്ചിട്ടുണ്ടു്. ആകയാൽ ഇതു ഗൗരവം കുറഞ്ഞതല്ലാ എന്നു കാണിക്കുന്നു.

9) നിൽക്കേണ്ടിവരും :—കോടതിയിൽനിന്നു മൊഴികൊടുക്കുന്നതുപോലെ നിറുത്തി കണക്കുപറയിക്കും.

ഇതുയും കാര്യങ്ങൾ ഇവിടെ വിശദമാക്കിയിരിക്കുന്നു. ഇതു ന്യായാസനമെങ്കിലും നിറുത്തി കണക്കുചോദിക്കും എന്നതു വ്യക്തമാണു്. ഈ ന്യായാസനത്തിനുമുമ്പാകെയുള്ള കാര്യങ്ങളെ മൂന്നു രംഗമായി വകതിരിക്കാം.

1) മറഞ്ഞിരിക്കുന്നവ വെളിവാക്കുന്ന രംഗം. 1 കൊരി. 4:5:—"അവൻ ഇരുട്ടിൽ മറഞ്ഞിരിക്കുന്നതു വെളിച്ചത്താക്കി ഹൃദയങ്ങളുടെ ആലോചനകളെ വെളിപ്പെടുത്തും" എന്നു കാണുന്നു. ചെയ്ത തെറ്റുകൾ മാത്രമല്ല, ദ്രവ്യാഗ്രഹം, നിഗളം മുതലായി ഹൃദയത്തിൽ മറഞ്ഞിരിക്കുന്നവയും വെളിപ്പെടും എന്നു സാരം. തെറ്റുധാരണകളും ഉപദേശപ്പിശകുകളും വിശ്വാസവ്യത്യാസങ്ങളും എല്ലാം വെളിച്ചത്താകും എന്നു സാരം. അപ്പോൾ പലർ പല കാര്യങ്ങൾക്കായും ലജ്ജിക്കേണ്ടിവരും.

2) പ്രവൃത്തികളെ ശോധനചെയ്യുന്ന രംഗം. 1 കൊരി. 3:10–15:— നാം പണിത പ്രവൃത്തികൾ തീയിൽ കൂടിയെന്നപോലെ കടത്തി ശോധനചെയ്യുന്ന രംഗം. പ്രവൃത്തികളെ ആറു സാധനങ്ങളോട് ഉപമിച്ചിരിക്കുന്നു; പൊന്ന്, വെള്ളി, വിലയേറിയകല്ല്, മരം, പുല്ല്, വൈക്കോൽ. ഇവയിൽ മൂന്ന് തീയിൽ വെന്തുപോകും; മൂന്ന് വെന്തുപോകയില്ല. വെന്തുപോകാത്തവയ്ക്ക് പ്രതിഫലം ലഭിക്കും.

1 കൊരി. 10:31; കൊലൊ. 3:17 ഇവയിൽ കാണുന്നതുപോലെ ദൈവമഹത്വത്തെ ലക്ഷ്യമാക്കിച്ചെയ്യുന്നവയെല്ലാം വെന്തുപോകാതെ നിൽക്കും. അവയ്ക്ക് പ്രതിഫലം ലഭിക്കും. മറ്റുള്ളവ ചേതപ്പെടും. വെന്തുപോകുമ്പോഴും വിശ്വാസികളായ നാം ലജ്ജിക്കും.

3) പ്രതിഫലം നൽകുന്ന രംഗം:—പല പ്രതിഫലങ്ങളെക്കുറിച്ചു തിരുവെഴുത്തു പറയുന്നുണ്ട്. വാടാത്തകിരീടം (1 കൊരി. 9:24), പ്രശംസാകിരീടം (1 തെസ്സ. 2:19, 20; ഫിലി. 4:1), നീതിയുടെ കിരീടം (2 തിമൊ. 4:6–8), ജീവകിരീടം (വെളി. 2:10; യാക്കോ. 1:12), തേജസ്സിന്റെ കിരീടം (1 പത്രൊ. 5:4) എന്നിങ്ങനെ അഞ്ചുതരം കിരീടങ്ങൾ പറയപ്പെടുന്നു. ഓരോവിധം കാര്യങ്ങളിലെ നേട്ടത്തിന് ഓരോതരം കിരീടം ലഭിക്കും.

ജീവിതഓട്ടത്തിൽ വിശുദ്ധിപാലിച്ചു വിജയികളാകുന്നവർക്കു വാടാത്തകിരീടവും, ആത്മാക്കളെ നേടിയതിന്റെ അടയാളമായി പ്രശംസാകിരീടവും, പോരാടി വിശ്വാസം കാത്തതിന്നു നീതിയുടെ കിരീടവും, രക്തസാക്ഷികൾക്കും പരീക്ഷ ജയിച്ചവർക്കും ജീവകിരീടവും, ആത്മാക്കളെ മേയിച്ച ഇടയന്മാർക്കു തേജസ്സിന്റെ കിരീടവും ലഭിക്കും. ചിലർക്ക് അഞ്ചും ചിലർക്കു നാലും ചിലർക്കു മൂന്നും ചിലർക്കു രണ്ടും ചിലർക്ക് ഒന്നും ലഭിക്കും. ചിലർക്ക് ഒന്നും ലഭിക്കുകയില്ല. അവിടെ അവർ ലജ്ജിക്കും.

താലന്തുകൾ വ്യാപാരംചെയ്തതിനുതക്കവണ്ണം പ്രശംസ ലഭിക്കും. മത്താ. 25:14–23. "നന്ന് നല്ലവനും വിശ്വസ്തനുമായ ദാസനേ", എന്നു കർത്താവു വിളിക്കും, 'ആ മഹാസദസ്സിൽ'.

റാത്തലുകൾ വ്യാപാരം ചെയ്തതിനുതക്കവണ്ണം പട്ടണങ്ങൾക്കുമേലുള്ള അധികാരം ലഭിക്കും; ഭരണാധിപന്മാരാക്കും. ലൂ. 19:11–27. "പത്തു പട്ടണങ്ങൾക്ക് അധികാരിയായിരിക്ക" എന്നിത്യാദി പ്രതിഫലം കല്പിച്ചരുളും.

പലരേയും നീതിയിലേയ്ക്കു തിരിക്കുന്നവർ ജ്യോതിസ്സുകളെപ്പോലെ പ്രകാശിക്കും. ശരീരത്തിൽതന്നെ പ്രകാശം ഉള്ളവരായിത്തീരും. ദാനി. 12:3; മത്താ. 13:43.

<u>കർത്താവിന്റെ ശുശ്രൂഷയേൽക്കുക</u>:— യജമാനന്റെ വരവു കാത്തു ജാഗരണമുള്ളവരായി നിന്നാൽ അങ്ങനെയുള്ളവർക്കായി ഒരു രംഗം ഒരുക്കി അവരെ പന്തിക്കിരുത്തിയിട്ടു കർത്താവു താൻ അരകെട്ടി നമ്മെ ശുശ്രൂഷിക്കും. നമുക്കു സ്വർഗ്ഗീയഭോജനങ്ങൾ വിളമ്പിത്തരികയാകും ലൂ. 12:37.

അവസാനത്തോളം ആദ്യസ്നേഹം കാത്തുജീവിക്കുന്നവർക്കു ജീവവൃക്ഷഫലം തിന്മാൻതരും. വെളി. 2:7.

മറഞ്ഞിരിക്കുന്ന മന്നയും വെള്ളക്കല്ലും അതിൽ കൊത്തിയിരിക്കുന്ന പുതിയ പേരും ലഭിക്കും. വെളി. 2:17.

കർത്താവു കല്പിച്ച പ്രവൃത്തികളെ അവസാനത്തോളം ചെയ്തുകൊണ്ടിരിക്കുന്നവർക്കു് ജാതികളുടെമേലുള്ള അധികാരം കല്പിച്ചരുളും. അതു വലിയ രാജ്യഭാഗങ്ങളായിരിക്കും. പിന്നീടു് അവരെ ഗോളാധിപന്മാരായി—ഉദയനക്ഷത്രങ്ങൾക്കു് അധിപന്മാരായി—ഉയർത്തും. വെളി. 2:26–29.

ജഡത്തെ മലിനമാക്കാതെ—വ്യഭിചാരത്തിൽപെടാതെ—വിശുദ്ധിപാലിക്കുന്നവർക്കു വെള്ളയുടുപ്പു ലഭിക്കും. അതും ധരിച്ചുംകൊണ്ടു നിത്യതമുഴുവൻ കർത്താവിനോടുകൂടെ നടക്കാം. അതു് എത്ര വലിയ പ്രശംസയായിരിക്കും. വെളി. 3:4, 5. മറുള്ളവർക്കു വെള്ളയുടുപ്പു ലഭിക്കുകയില്ല. തന്നിമിത്തം അവർ ലജ്ജിക്കും. നിത്യമായി ആ കുറവു കാണുകയുംചെയ്യും.

ദൈവത്തിന്റെ ആലയത്തിന്റെ തൂണാക്കും. ദൈവനാമവും കർത്താവിന്റെ പുതിയനാമവും പുതിയ യെരുശലേമിന്റെ നാമവും ലഭിക്കും. വെളി. 3:12, 13.

ഈ ലവോദിക്യ പീരിയേഡിൽ ചൈതന്യമുള്ളവരായി അവസാനത്തോളം നിൽക്കുന്നവരെ കർത്താവിനോടുകൂടെ തന്റെ സിംഹാസനത്തിൽ ഇരുത്തും. എത്ര വലിയ പദവിയാണിതു്. വെളി. 3:21, 22.

ഇഹലോകജീവിതകാലത്തെ വിശ്വാസജീവിതം പരിശോധിക്കുവാനും നിത്യതയ്ക്കുള്ള പ്രതിഫലങ്ങൾ നിശ്ചയിക്കുവാനുമുള്ളതായ ഒന്നാണു് ക്രിസ്തുവിന്റെ ന്യായാസനത്തിങ്കലെ ന്യായവിധി എന്നു വെളിവായല്ലൊ.

സമയം:— കർത്താവിന്റെ മദ്ധ്യാകാശവരവു കഴിഞ്ഞയുടൻ ആയിരിക്കും ഇതു നടക്കുന്നതു്. കുഞ്ഞാടിന്റെ കല്യാണത്തിനുമുമ്പായി പ്രതിഫലങ്ങൾ എല്ലാം ലഭിച്ചി

രിക്കണം. അവ അണിഞ്ഞവളായിട്ടാണ മണവാട്ടിയെ വിവാഹവേദിയിൽ കാണുന്നതു് എന്നു് വെളി. 19:7, 8—ൽ കാണുന്നു. വിശുദ്ധന്മാരുടെ നീതിപ്രവൃത്തികളം (നീതിപ്രവൃത്തികൾക്കുള്ള പ്രതിഫലങ്ങളം) അണിഞ്ഞവളായിക്കാണുന്നു. മാത്രമല്ല, മൂപ്പന്മാരെ പ്രതിഫലങ്ങളായ കിരീടം, സിംഹാസനം, വെള്ളയുടുപ്പു് ഇവയുള്ളവരായി വെളി. 4—ൽ കാണുന്നു. ആകയാൽ മഹാപീഡന നടപടികളം തുടങ്ങുന്നതിനുമുമ്പു ക്രിസ്തുവിന്റെ ന്യായാസനം വെച്ചിരിക്കും എന്നു സംശയരഹിതമായി മനസ്സിലാക്കാം.

സ്ഥലം:—ഇതിന്റെ രംഗം വെളിപ്പെടുത്തിയിട്ടില്ല. എങ്കിലും മദ്ധ്യാകാശവരവിൽ മദ്ധ്യാകാശത്തു കർത്താവു നമ്മെ എതിരേറ്റു സ്വീകരിച്ച ഉടൻ ആകയാൽ മദ്ധ്യാകാശത്തു വെച്ചുതന്നെയായിരിക്കും. അല്ലെങ്കിൽ സ്വർഗ്ഗങ്ങളിൽ ഏതിലെങ്കിലും ഒന്നിൽ വെച്ചായിരിക്കും. യോസേഫു സഹോദരന്മാർക്കു തന്നെത്താൻ വെളിപ്പെടുത്തി അവരുടെ കുറവുകളെ വെളിപ്പെടുത്തിയപ്പോഴം മിസ്രയീമ്യർ ആരും ഇല്ലാതിരുന്നതുപോലെയായിരിക്കും. സ്വർഗ്ഗത്തിൽ വെച്ചാണെങ്കിലും പിതാവിന്റെ സന്നിധിയിലും ദൂതന്മാരുടെ സാന്നിദ്ധ്യത്തിലും ആയിരിക്കുകയില്ല. മനുഷ്യരിൽ മറാരും കാണുകയുമില്ല. ആവിധ രംഗത്തായിരിക്കും ക്രിസ്തുവിന്റെ ന്യായാസനം. പക്ഷേ, കോടാനുകോടി വിശുദ്ധന്മാരായ നാം ആ രംഗത്തു് ഒരുമിച്ചായിരിക്കും. നാം എല്ലാവരും അതു കാണും, കേൾക്കും, അറിയും. ആകയാൽ നാം കുറവുള്ളവരെങ്കിൽ ലജ്ജിക്കേണ്ടതായ്വരും. 1 യോഹ. 2:28. ലജ്ജിക്കാതിരിക്കണമെങ്കിൽ നമ്മോടു കല്പിച്ചിട്ടുള്ള കല്പനകളെല്ലാം നാം അനുസരിച്ചിരിക്കണം. സങ്കീ. 119:6. ആ വിധം ലജ്ജിക്കാതിരിക്കുവാൻ നമുക്കു ഇന്നു കരുതാം. കർത്താവു് അതിനു കൃപ പകരട്ടെ!

ഈവിധം തന്റെ ജനത്തിനായി നടപടി നടത്തുകയും പ്രതിഫലം കരുതുകയുംചെയ്യുന്ന കർത്താവിന്നു് ഇന്നു മെന്നേക്കും മഹത്വമുണ്ടാകുമാറാകട്ടെ!

2) തേജസ്സിന്റെ സിംഹാസനത്തിലെ ന്യായവിധി

കാലക്രമത്തിൽ, ഇനി നിറവേറേണ്ടവയിൽ രണ്ടാമത്തേതാണു്. ഇതു കർത്താവിന്റെ മഹത്വപ്രത്യക്ഷതയിൽ ഹർമ്മഗെദ്ദോൻയുദ്ധം കഴിഞ്ഞിട്ടു് സഹസ്രാബ്ദാരംഭത്തിൽ വരുന്നതാണു് ഈ സിംഹാസനം. ഇതു വരുന്ന സ്ഥലം ഭൂമിയിൽ യെരുശലേമിനടുത്തു് യഹോശാഫാത്ത് താഴ്വരയിലാകുമാണു്. ഇതിൽ വിസ്തരിക്കപ്പെടുന്ന കക്ഷികൾ യിസ്രായേലിന്നുചുറ്റുമുള്ള അറബിരാജ്യങ്ങളുമാണു്. രണ്ടുവേദഭാഗങ്ങളാണു് ഇതിന്നുള്ളവ. യോവേ. 3:1–4, 11, 12; മത്താ. 25:31–46.

ഈ രണ്ടു വേദഭാഗങ്ങളും സൂക്ഷിച്ചുവായിക്കുന്ന ഒരു വ്യക്തിക്കു് ഇതു് ഒരു പ്രത്യേക സിംഹാസനമാണെന്നും ആർക്കുവേണ്ടി ആരെ എവിടെവെച്ചു ന്യായംവിധിക്കുമെന്നും അവയുടെ പരിണതഫലം എന്തായിരിക്കും എന്നും ഗ്രഹിക്കുവാൻ പ്രയാസമില്ല.

"ഞാൻ യഹൂദയുടെയും യെരുശലേമിന്റെയും സ്ഥിതി മാറുവാനുള്ള നാളുകളിലും കാലത്തിലും ഞാൻ സകലജാതികളേയും കൂട്ടി യെഹോശാഫാത്ത് താഴ്വരയിൽ ചെല്ലുമാറാക്കുകയും എന്റെ ജനംനിമിത്തവും എന്റെ അവകാശമായ യിസ്രായേൽ നിമിത്തവും അവരോടു് വ്യവഹരിക്കുകയും ചെയ്യും; അവർ അവരെ ജാതികളുടെ ഇടയിൽ ചിതറിച്ചു് എന്റെ ദേശത്തെ വിഭാഗിച്ചുകളഞ്ഞുവല്ലോ. അവർ എന്റെ ജനത്തിന്നു ചീട്ടിട്ടു് ഒരു ബാലനെ ഒരു വേശ്യയ്ക്കുവേണ്ടി കൊടുക്കയും ഒരു ബാലയെ വിറ്റു വീഞ്ഞു കുടിക്കയും ചെയ്തു. സോരും സീദോനും സകല ഫെലിസ്ത്യപ്രദേശങ്ങളുമായുള്ളോരേ, ... "

"ചുറ്റുമുള്ള സകലജാതികളുമായുള്ളോരേ, ഒന്നിച്ചുകൂടുവിൻ! യഹോവേ, അവിടേക്കു നിന്റെ വീരന്മാരെ ഇറങ്ങുമാറാക്കേണമേ".

"ജാതികളും ഉണർന്നു യഹോശാഫാത്തു താഴ്വരയിലേക്കു പുറപ്പെടട്ടെ. അവിടെ ഞാൻ ചുറ്റുമുള്ള സകല ജാതികളെയും ന്യായം വിധിക്കേണ്ടതിന്നു ഇരിക്കും".

"മനുഷ്യപുത്രൻ തന്റെ തേജസ്സോടെ സകല വിശുദ്ധദൂതന്മാരുമായി വരുമ്പോൾ തന്റെ തേജസ്സിന്റെ സിംഹാസനത്തിൽ ഇരിക്കും. സകല ജാതികളെയും അവന്റെ മുമ്പിൽ കൂട്ടും; അവൻ അവരെ ഇടയൻ ചെമ്മരിയാടുകളെയും കോലാടുകളെയും വേർതിരിക്കുന്നതുപോലെ വേർതിരിച്ചു, ചെമ്മരിയാടുകളെ തന്റെ വലത്തും കോലാടുകളെ ഇടത്തും നിറുത്തും. രാജാവു തന്റെ വലത്തുള്ളവരോടു അരുളിച്ചെയ്യും: എന്റെ പിതാവിനാൽ അനുഗ്രഹിക്കപ്പെട്ടവരേ, വരുവിൻ; ലോകസ്ഥാപനം മുതൽ നിങ്ങൾക്കായി ഒരുക്കിയിരിക്കുന്ന രാജ്യം അവകാശമാക്കിക്കൊൾവിൻ. എനിക്കു വിശന്നു, നിങ്ങൾ ഭക്ഷിപ്പാൻ തന്നു; ദാഹിച്ചു, നിങ്ങൾ കുടിപ്പാൻ തന്നു; ഞാൻ അതിഥിയായിരുന്നു, നിങ്ങൾ എന്നെ ചേർത്തുകൊണ്ടു; നഗ്നനായിരുന്നു, നിങ്ങൾ എന്നെ ഉടുപ്പിച്ചു; രോഗിയായിരുന്നു, നിങ്ങൾ എന്നെ കാണ്മാൻ വന്നു; തടവിൽ ആയിരുന്നു, നിങ്ങൾ എന്റെ അടുക്കൽ വന്നു. അതിന്നു നീതിമാന്മാർ അവനോടു: കർത്താവേ, ഞങ്ങൾ എപ്പോൾ നിന്നെ വിശന്നു കണ്ടിട്ടു ഭക്ഷിപ്പാൻ തരികയോ ദാഹിച്ചുകണ്ടിട്ടു കുടിപ്പാൻ തരികയോ ചെയ്തു?.....രാജാവു അവരോടു: എന്റെ ഈ ഏറ്റവും ചെറിയ സഹോദരന്മാരിൽ ഒരുത്തനു നിങ്ങൾ ചെയ്തേടത്തോളം എല്ലാം എനിക്കു ചെയ്തു എന്നു ഞാൻ സത്യമായിട്ടു നിങ്ങളോടു പറയുന്നു എന്നു അരുളിച്ചെയ്യും. പിന്നെ അവൻ ഇടത്തുള്ളവരോടു.....ഇവർ നിത്യദണ്ഡനത്തിലേക്കും നീതിമാന്മാർ നിത്യജീവങ്കലേക്കും പോകും".

ആ ഭാഗങ്ങൾ മുഴുവനും വായിച്ചുനോക്കുന്നതു നല്ലതാണു. മത്താ. 25:31 മുതലുള്ള ഭാഗം വെളി. 20:11–15 വരെ കാണുന്ന അന്ത്യന്യായവിധിയാണെന്നു ഗ്രഹിക്കുന്നവരുണ്ടു. അതു തെറ്റു. കാരണം:—

1) വെളി. 20–ൽ മരിച്ചവർമാത്രം നിൽക്കും. ഇവിടെ സകല ജാതികളുമാണു. മരിച്ചവരെ ജാതികൾ എന്നു പറയാറില്ല. മരിക്കുമ്പോൾ ജാതിവ്യത്യാസം തീരും.

2) വെളി. 20–ൽ ഒരുകൂട്ടർമാത്രമേയുള്ളൂ; മരിച്ചവർ. ഇവിടെ മൂന്നുകൂട്ടർ ഉണ്ട്; വലത്തുള്ളവർ, ഇടത്തുള്ളവർ, എന്റെ ഈ ഏറ്റവും ചെറിയ സഹോദരന്മാർ.

3) ഭക്ഷിക്കുവാനും കുടിക്കുവാനും കൊടുക്കുന്നതുനിമിത്തമല്ല ഇന്ന രക്ഷ ലഭിക്കുന്നത്. മത്താ. 25:31 മുതൽ അതാണ മുഴച്ചുകാണുന്നത്. കർത്താവിന്റെ ജഡപ്രകാരമുള്ള സഹോദരന്മാരായ യിസ്രായേൽ ഉഴന്നുനടക്കുന്ന മഹാപീഡനകാലത്തു ചുറ്റുമുള്ള ജാതികളും അവരെ സ്വീകരിക്കുകയും നിരാകരിക്കുകയും ചെയ്യുന്നതനുസരിച്ചാണ് ഈ ന്യായവിധി.

4) യെശ. 21:13–15 വരെ നോക്കിയാൽ അറബികളുടെ ദൈവം കൊടുക്കുന്ന പ്രേരണയനുസരിച്ച്, അന്തിക്രിസ്തുവിന്റെ വാളിനും ഒഴിഞ്ഞു ഓടുന്നവർക്കു വെള്ളവും അപ്പവുംകൊണ്ടു എതിരേറ്റു സ്വീകരിക്കുന്നവരെ കാണുന്നു. അവരെയാണ വലത്തു നിറുത്തുന്നത്.

5) 'രാജാവു'' എന്ന പ്രയോഗം കർത്താവു രാജാവായി ഇറങ്ങുന്ന സമയമായ സഹസ്രാബ്ദാരംഭം എന്നു തെളിയുന്നു. മറ്റതു സഹസ്രാബ്ദം കഴിഞ്ഞിട്ടാണ വസ്തുന്നത്.

6) മത്താ. 25:37–ൽ 'നീതിമാന്മാർ' എന്ന പ്രയോഗം കാണുന്നു. കൃപായുഗവിശ്വാസികളെ ആ വിധം പറയാറില്ല. നീതീകരിക്കപ്പെട്ടതിനാൽ ന്യായേന നീതിമാന്മാർ ആണെങ്കിലും ആ പേരു സാധാരണയല്ല; വിശുദ്ധന്മാർ, സഹോദരന്മാർ ഇവയെല്ലാമാണ സാധാരണ പറയപ്പെടുന്നത്.

7) രാജ്യം അവകാശമാക്കുകയാണ നീതിമാന്മാരുടെ പരിണതഫലം. വെള്ളസിംഹാസനത്തിൽ അതു വിഷയമായി പറയുന്നില്ല.

ആകയാൽ ഇവ രണ്ടും രണ്ടാണ്. യിസ്രായേലിനെ യഥാസ്ഥാനത്താക്കുന്ന കാലത്താണ് ഈ ന്യായവിധി എ

ന്നു് യോവേ. 3:1–ൽ കാണുന്നു. ആകയാൽ സഹസ്രാബ്ദാരംഭത്തിൽ നടക്കുന്നതാണിതു്. യിസ്രായേലിനു ചുറ്റുമുള്ള ജാതികളെ–അന്നു ജീവനോടെ ശേഷിക്കുന്നവരെ –യിസ്രായേൽ മഹാപീഡനകാലത്തു് അലഞ്ഞുഴന്നു നടക്കുമ്പോഴും അവരെ സ്വീകരിക്കയും നിരാകരിക്കയും ചെയ്യുന്നതനുസരിച്ചു രണ്ടായി തിരിച്ചു ന്യായംവിധിക്കയാണു്.

ഇടത്തുള്ളവർ രക്ഷിക്കപ്പെടാത്തവരാണു്. നിത്യനാശത്തിലേയ്ക്കു പോകും. വലത്തുള്ളവർ നീതി ചെയ്തതിനാൽ നീതിമാന്മാരായി ഗണിക്കുകയും അവർ സഹസ്രാബ്ദരാജ്യത്തിലേയ്ക്കു പ്രവേശിച്ചു നിത്യജീവന്റെ ഓഹരിക്കാരാകുകയുംചെയ്യും. ഇതാണു തേജസ്സിന്റെ സിംഹാസനത്തിലുള്ള ന്യായവിധി.

3. അന്ത്യന്യായവിധി

ഒരിക്കൽ മരിക്കയും പിന്നെ ന്യായവിധിയും മനുഷ്യർക്കു ദൈവം നിയമിച്ചിട്ടുള്ളതായി എബ്രാ. 9:27–ൽ നാം വായിക്കുന്നു. അതു് എപ്പോഴെന്നു് അ. പ്ര. 17:31–ൽ പൊതുവിൽ പറഞ്ഞിട്ടുണ്ടു്. അതിനായി ദൈവം ഒരു ദിവസം നിശ്ചയിച്ചിട്ടുണ്ടെന്നാണു്. അതിന്റെ സമയം വെളി. 20:11–15 വരെയുള്ള വർണ്ണനയിൽനിന്നും വ്യക്തമാണു്. സഹസ്രാബ്ദവാഴ്ച കഴിഞ്ഞിട്ടും പുതിയഭൂമി വെളിപ്പെടുന്നതിനുമുമ്പും കാണിച്ചിരിക്കുകയാണു്. ആ ഇടക്കാലത്താണു് അതു നടക്കുക. പ്രസ്തുതഭാഗംതന്നെയാണു് അതിന്റെ സ്വരൂപം നമുക്കുമുമ്പാകെ ഹാജരാക്കുന്നതും:–

"ഞാൻ വലിയോരു വെള്ളസിംഹാസനവും അതിൽ ഒരുത്തൻ ഇരിക്കുന്നതും കണ്ടു; അവന്റെ സന്നിധിയിൽനിന്നു ഭൂമിയും ആകാശവും ഓടിപ്പോയി; അവയെ പിന്നെ കണ്ടില്ല. മരിച്ചവർ ആബാലവൃദ്ധം സിംഹാസനത്തിൻമുമ്പിൽ നിൽക്കുന്നതും കണ്ടു; പുസ്തകങ്ങളും തുറന്നു; ജീവന്റെ പുസ്തകം എന്ന മറ്റൊരു പുസ്തകവും തുറന്നു; പുസ്തകങ്ങളിൽ എഴുതിയിരുന്നതിനു് ഒത്തവണ്ണം മരിച്ചവർക്കു് അവരുടെ പ്രവൃത്തികൾക്കടുത്ത ന്യായവിധി ഉണ്ടായി. സമുദ്രം തന്നിലുള്ള മരിച്ചവരെ എല്പിച്ചുകൊടുത്തു; മരണവും പാതാളവും തങ്ങളിലുള്ള മരിച്ചവരെ എല്പിച്ചുകൊടുത്തു. ഓരോരുത്തനു് അവനവന്റെ പ്രവൃത്തികൾക്കടുത്ത വിധി ഉണ്ടായി. മരണത്തെയും പാതാളത്തെയും തീപ്പൊയ്കയിൽ തള്ളിയിട്ടു; ഈ തീപ്പൊയ്ക രണ്ടാമത്തെ

മരണം. ജീവപുസ്തകത്തിൽ പേരെഴുതിക്കാണാത്ത ഏവനെയും തീപ്പൊയ്കയിൽ തള്ളിയിടും.''

ന്യായവിധി, വിധി എന്നീ പദങ്ങളും നീതിന്യായക്കോടതി സംബന്ധമായവയാണു്. ആകയാൽ ഇതു് ഒരു കോടതിനടപടിയാണെന്നു തെളിയുന്നു. അതിനുതക്കവണ്ണം ദൈവികകോടതിയുടെ ഗാംഭീര്യം ഇവിടെ കാണാം. ഇവിടത്തെ നടപടികളും നോക്കാം.

1) ബെഞ്ചു്

കോടതിയിലെ ബഞ്ചിന്റെ സ്ഥാനത്തു് ഇവിടെ സിംഹാസനം കാണുന്നു. രാജാധിരാജാവായവൻ ഇവിടെ ന്യായാധിപനായിരിക്കുന്നതുകൊണ്ടു സിംഹാസനസ്ഥനായിരിക്കുന്നു. ഇവിടെയുള്ള വിധിക്കു് അപ്പീൽകോടതിയും ട്രയാഹർജ്ജിയും ഒന്നും ഇല്ലാ എന്നു് അതു കാണിക്കുന്നു. ഇതു് അന്തിമമായ വിധിയായിരിക്കും.

2) ജഡ്ജി

ഇവിടെ ന്യായാധിപനായിരിക്കുന്നതു കർത്താവായ യേശുക്രിസ്തുതന്നെയാണു്. യോഹ. 5:22; പ്രവൃ. 17:31 ഇവയുടെ വെളിച്ചത്തിൽ അതു നിശ്ചയമാണു്.

3) പ്രതികരം

A. മനുഷ്യർ:— ആദാമ്യസന്തതിയിൽ മരിച്ചുപോയ രക്ഷിക്കപ്പെടാത്ത എല്ലാവരും ഇവിടെ ഹാജരാക്കപ്പെടും. കോടാനുകോടി മനുഷ്യർ ഉണ്ടായിരിക്കും.

B. പാപംചെയ്ത ദൂതന്മാർ:— 1 കൊരി. 6:3; വെളി. 20:13, 14—ന്റെ വെളിച്ചത്തിൽ പാതാളലോകത്തിലുള്ളവയെല്ലാം ഇവിടെ ഹാജരാക്കപ്പെടും എന്നുവരുന്നു. പാതാളത്തിൽ ന്യായവിധിക്കായി സൂക്ഷിക്കപ്പെടുന്നവരെല്ലാം ഇവിടെ വരും. യൂദാ 6; 2 പത്രോ. 2:4.

4) എഴുന്നേൽക്കുന്നവിധം

സങ്കീ. 90:3—ൽ കാണുന്നവിധം ''മനുഷ്യപുത്രന്മാരേ, തിരികെ വരുവിൽ'' എന്നു കർത്താവു് ഈ സിംഹാസനത്തിൽ ഇരുന്നുകൊണ്ടു കല്പിക്കും. ഉടനെ മരണാവസ്ഥയിലിരിക്കുന്ന ശരീരങ്ങളും കൂട്ടിച്ചേർക്കപ്പെട്ടു്, പാതാളത്തിലിരിക്കുന്ന ആത്മാക്കൾ തിരിച്ചുവന്നു ശരീരങ്ങളിൽ പ്രവേശിച്ചു്, ഉയിർത്തെഴുന്നേല്പിച്ചു് അവിടെ ഹാജരാക്കപ്പെടും.

5) കുറ്റപത്രം

പുസ്തകങ്ങളിൽ ഒരുക്കൂട്ടം. കുറ്റപ്പുള്ളികളെ ഹാജരാക്കിയാൽ അടുത്ത നടപടി കുറ്റപത്രം വായിച്ചുകേൾപ്പിക്കുക എന്നുള്ളതാണു്. ഓരോ പാപിയുടെയും പാപപ്രവൃത്തികൾ അപ്പോഴപ്പോൾ സ്വർഗ്ഗത്തിലെഴുതി സൂക്ഷിക്കുകയാണു്. യെശ. 65:6; ആവ. 32:33,34.

അവ വായിച്ചു കേൾപ്പിക്കും. അങ്ങനെ പാപങ്ങൾ അവരുടെ മുമ്പാകെ നിരത്തിക്കാണിക്കും. സങ്കീ. 50:16—21.

6) സാക്ഷിപട്ടിക

സാക്ഷിയില്ലാഞ്ഞതിനാൽ ഒരു പാപവും അവിടെ തെളിയാതെ വരികയില്ല. സങ്കീ: 50:4—ൽ ആകാശത്തെയും ഭൂമിയെയും സാക്ഷിക്കായി വിളിക്കുന്നു. മർ:6:11—ൽ പൊടി സാക്ഷിക്കുമെന്നു കർത്താവു പറഞ്ഞു. കല്ലു കേൾക്കുന്നുണ്ടെന്നു യോശു:24:26, 27—ൽ കാണുന്നു. ഹബ:2:11—ൽ കല്ലും മരവും സംസാരിക്കുമെന്നു കാണുന്നു. അങ്ങനെ, ഓരോ പാപപ്രവൃത്തിക്കും ഒന്നിലധികം സാക്ഷികൾ ഉണ്ടായിരിക്കും. മാത്രമല്ല, ക്രിസ്തുവിനെ അംഗീകരിക്കാത്തതാണു് ന്യായവിധിക്കുള്ള അടിസ്ഥാനപ്രമാണം. യോഹ:3:19. സകല പാപികളും ന്യായംവിധിക്കപ്പെട്ടു നിത്യദണ്ഡനമാകുന്ന നരകത്തിലേക്കു തള്ളപ്പെടും.

7) പുസ്തകങ്ങൾ തുറക്കും

A. കുറ്റപത്രത്തിനായി മനുഷ്യന്റെ പാപപ്രവൃത്തികൾ എഴുതീട്ടുള്ള പുസ്തകങ്ങൾ തുറക്കും. യെശ. 65:6; ആവ. 32:33, 34.

B. നിയമപുസ്തകം:— വേദപുസ്തകം തന്നേയായിരിക്കും. സങ്കീ. 119:89; യെശ. 34:16; റോമ. 2:12—16. തിരുവെഴുത്തിലെ നിയമങ്ങൾ വായിച്ചു കേൾപ്പിച്ചു വിധി പ്രസ്താവിക്കും.

C. ജീവപുസ്തകം:— നിത്യജീവൻ പ്രാപിച്ച എല്ലാവരുടെയും നാമം അതിൽ എഴുതപ്പെട്ടിരിക്കും. ഈ കോടതിമുമ്പാകെ വരുന്ന കേമന്മാരുടെ പേരുകൾ അതിൽ ഇല്ലാ എന്നു കാണും.

ഈവിധം കോടതിനടപടികളിൻപ്രകാരം നീതിയായി ന്യായംവിധിച്ചു് എല്ലാ പാപികളെയും നരകത്തിലേയ്ക്കു തള്ളും. അതാണു് അന്ത്യന്യായവിധി. ഈ ന്യായവിധിയിൽനിന്നും വിടുവിക്കുവാനായി നമുക്കുവേണ്ടി തന്റെ ജീവനെ തന്ന കർത്താവായ യേശുക്രിസ്തുവിനു് ഇന്നുമെന്നേക്കും മഹത്വമുണ്ടാകുമാറാകട്ടെ! ആമേൻ.

മുന്നുന്യായാസനങ്ങൾ—താരതമ്യപഠനം

1) പേര്	ക്രിസ്തുവിന്റെ ന്യായാസനം	തേജസ്സിന്റെ സിംഹാസനം	വെള്ളസിംഹാസനം
2) പ്രധാന വചനഭാഗം	2 കൊരി. 5:10; റോമ. 14:10—12.	മത്താ. 25:31—46; യോവേൽ 3:1—4, 11, 12.	വെളി. 20:11—15.
3) ന്യായാധിപതി	ക്രിസ്തു. യോഹ. 5:22.	ക്രിസ്തു. യോഹ. 5:22.	ക്രിസ്തു. യോഹ. 5:22 പ്രവൃ. 17:
4) സമയം	മദ്ധ്യാകാശവരവു കഴിഞ്ഞയുടൻ	മഹാപീഡനം കഴിഞ്ഞു സഹസ്രാബ്ദാരംഭത്തിൽ	സഹസ്രാബ്ദവാഴ്ച കഴിഞ്ഞ
5) സ്ഥലം	മദ്ധ്യാകാശത്തിൽ വെച്ച്	യഹോശാഫാത്ത് താഴ്വരയിൽ—ഭൂമിയിൽവെച്ച്	ഈ ഭൂമിയിലും ഈ ആ മണ്ഡലത്തിലു
6) പേരിന്റെ വ്യുത്പാസം	Beema, ബേമാസീറ്റ്, ന്യായാസനം	Thronos, ത്രോണോസ് സിംഹാസനം	Thronos, ത്രോണോസ സിംഹാസ
7) ഉദ്ദേശ്യം	ജീവിതപരിശോധന	യിസ്രായേലിനോടുള്ള ഇടപാട്	അവനവന്റെ പ്രവൃത്തി ക്രിസ്തുവിനെ അംഗീക ക്കാത്തത
8) ജനം—കക്ഷികം	രക്ഷിതഗണം	യിസ്രായേലിന്റെ ചുറ്റും അന്നു ജീവിക്കുന്നവർ	രക്ഷിക്കപ്പെടാതെ മരിച്ചുപോയ എല്ലാവ
9) പ്രമാണം	വേദപുസ്തകം	എഴുതപ്പെട്ട പ്രമാണംവേണ്ടാ. യിസ്രായേലിനോട് ഇടപെട്ടതനുസരിച്ച്	പുസ്തകങ്ങളിൽ എഴുതിയ ന്നതിനുതക്കവ
10) പരിണതഫലം	ലജ്ജയും പ്രതിഫലങ്ങളും	നരകവും രാജ്യപ്രവേശനവും	നരകം